**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
(തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ: **0471-2724696**
ഇ-മെയിൽ: kerala socialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/2024 തീയതി. 28.06.2024

# സർക്കുലർ

**വിഷയം:** സോഷ്യൽ ഓഡിറ്റ് ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ പ്രവർത്തനങ്ങളും പ്രവൃത്തി ദിവസങ്ങളുടെ വിനിയോഗവും- സംബന്ധിച്ച്

**ജില്ലാ റിസോഴ്സ് പേഴ്സൺ,**

സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഇതിനകം വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെയും ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും പ്രവൃത്തി സമയത്തിന്റെ വിനിയോഗം സംബന്ധിച്ച് വ്യക്തമാക്കുന്ന സർക്കുലർ പുറപ്പെടുവിച്ചിരുന്നുവല്ലോ? ജില്ലയിലെ വില്ലേജ് - ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ ഫലപ്രദമായ മേൽനോട്ടവും അവരുടെ പ്രവർത്തനക്ഷമത വിലയിരുത്തലും ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ മുഖ്യമായ ഉത്തരവാദിത്വമാണ്. സോഷ്യൽ ഓഡിറ്റിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ജില്ലാ റിസോഴ്സ് പേഴ്സൺമാർ സോഷ്യൽ ഓഡിറ്റ് ഫീൽഡ്തല പ്രവർത്തനങ്ങളിൽ നിരന്തരമായി ഇടപെടുകയും അവയുടെ കാര്യക്ഷമത ഉറപ്പാക്കുകയും വേണം.

സോഷ്യൽ ഓഡിറ്റ് ജില്ലാ റിസോഴ്സ് പേഴ്സൺമാർ ഒരു മാസത്തിൽ ലഭ്യമാകുന്ന ശരാശരി 23-24 പ്രവൃത്തി ദിവസങ്ങൾ താഴെപ്പറയും പ്രകാരം വിനിയോഗിക്കേണ്ടതും ഇതനുസരിച്ച് ആക്ടിവിറ്റി പ്ലാനും ആക്ടിവിറ്റി റിപ്പോർട്ടും തയ്യാറാക്കി സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

| | | |
|---|---|---|
| 1 | ഫീൽഡ് വെരിഫിക്കേഷൻ പ്രവർത്തനങ്ങളുടെ സൂപ്പർ ചെക്കിംഗ് (വില്ലേജ്-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ നടത്തിയ 25-30 പ്രവൃത്തികളുടെ ഫീൽഡ് മെഷർമെന്റ് സൂപ്പർ ചെക്ക് ചെയ്ത് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്) | 5 ദിവസം |
| 2 | ഫയൽ, രജിസ്റ്റർ പരിശോധനയുടെ ഗുണമേന്മ വിലയിരുത്തുന്നതിനുള്ള സൂപ്പർ ചെക്ക്.( 15-20 ഫയലുകളും 3-5 രജിസ്റ്ററുകളും പരിശോധനക്ക് വിധേയമാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്) | 2 ദിവസം |
| 3 | ഗ്രാമസഭകളുടെയും പബ്ലിക് ഹിയറിംഗുകളുടെയും നിരീക്ഷണവും വിലയിരുത്തലും | 3 ദിവസം |
| 4 | പബ്ലിക് ഹിയറിംഗ് റിപ്പോർട്ടുകളുടെ (പഞ്ചായത്ത് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ) എഡിറ്റിംഗ് ഗുണമേന്മ മെച്ചപ്പെടുത്തൽ | 5 ദിവസം |
| 5 | ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും മറ്റ് ജില്ലാതല യോഗങ്ങളിലെ പങ്കാളിത്തം, നടത്തിപ്പ്, മിനിട്ട്സ് തയ്യാറാക്കൽ | 3 ദിവസം |
| 6 | ബ്ലോക്ക് തലത്തിൽ സംഘടിപ്പിക്കുന്ന വി.ആർ.പി.മാരുടെ യോഗങ്ങളിലെ പങ്കാളിത്തം | 1-2ദിവസം |
| 7 | ബ്ലോക്ക്- വില്ലേജ് റിസോഴ്സ് പേഴ്ൺമാരുടെ വേതനം പരിശോധിച്ച് ശുപാർശ ചെയ്യൽ | 2 ദിവസം |
| 8 | ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ ആവശ്യമായ സന്ദർശനത്തിന് | 1-2ദിവസം |

മുകളിൽ സൂചിപ്പിച്ചതനുസരിച്ച് ജില്ലാ റിസോഴ്സ് പേഴ്സൺമാർ അവരുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതും നടപ്പാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

**ഡോ.എൻ. രമാകാന്തൻ**
ഡയറക്ടർ